LIBRARY ARCHIVES Kerala Legislative Assembly

ടി പദ്ധതികൾ നടപ്പിലാക്കിയതിനാൽ കൈത്തറി മേഖലകളിൽ നിന്നുള്ള അംഗങ്ങളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ട്. പുതുതായി 550 പേരെ നെയ്ത്തു പരിശീലനം നൽകി ഈ മേഖലയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. ജക്കാർഡ്, ഡോബി എന്നിവയിൽ 350 പേർക്ക് പരിശീലനം നൽകുകയും ഇവ ഉപയോഗിച്ച് ആകർഷകങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. നെയ്ത്തുകാരുടെ ഉല്പാദനക്ഷമത കൂട്ടുവാനും, വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റിഫോം & റിസ്ട്രക്ചറിംഗ് പാക്കേജ് അനുസരിച്ച് 355 കൈത്തറി സംഘങ്ങൾക്കും 1117 വ്യക്തിഗത യൂണിറ്റുകൾക്കും ഹാന്റ്ലൂമിനും പാക്കേജനുസരിച്ചുള്ള ആനുകൂല്യം നൽകി പുനരുദ്ധരിച്ചുകൊണ്ടിരിക്കുന്നു. 50 സൊസൈറ്റികളുടെ വർക്ക് ഷെഡ് നവീകരിച്ചു. 1000 നെയ്ത്തുകാർക്ക് വീടിനോടനുബന്ധിച്ചുള്ള ഷെഡുകൾ നവീകരിക്കാൻ സഹായം നൽകി. 176 വിദഗ്ധ നെയ്ത്തുകാർക്ക് ഉല്പാദനയൂണിറ്റുകൾ ആരംഭിക്കുവാൻ സഹായം നൽകുകയും അവയിൽ 70 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. ബാങ്കുകളുടെ സഹായത്തോടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം 59 യൂണിറ്റുകൾ തുടങ്ങാൻ സഹായം നൽകുകയും അതിൽ 55 യൂണിറ്റുകൾ ആരംഭിക്കുകയും 550 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. കോഴിക്കോട്, കൊല്ലം ജില്ലകളിൽ ഡൈയിംഗിൽ 20 പേർക്ക് വീതം പരിശീലനം നൽകി ഡൈയിംഗിനെ സജ്ജരാക്കി. ഇതിന്റെ ഫലമായി ഡൈയിംഗിന്റെ നിലവാരം ഈ ജില്ലകളിൽ ഉയർന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി മുഖാന്തരവും കൂസ്റ്റുകളിലെ ഡിസൈനർമാർ മുഖാന്തിരവും 1500 ഓളം പുതിയ ഡിസൈനുകൾ വികസിപ്പിക്കുകയും അവ സംഘങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ കൈത്തറി മേഖലയിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്യുന്നതിന്, അതായത് വിൽപ്പനയിലും ഉല്പാദനത്തിലും എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട് എന്നതിനെപ്പറ്റി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖാന്തിരം ഹാന്റ്ലൂം സർവ്വേ പുരോഗമിച്ചുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണ സംഭരണ മേഖലയിൽ വനിതാ വ്യവസായികൾ

176 (4758) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ വസ്തുക്കളുടെ സംഭരണം വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഭക്ഷ്യ സംസ്കരണ സംഭരണ മേഖലയിൽ വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായങ്ങൾ തുടങ്ങുന്നതിനുമായി ഏതെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിത വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്നതിനും മറ്റുമായി എത്ര രൂപയാണ് നീക്കിവച്ചത് ; അതിൽ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു ; 1-7-2011 മുതൽ 30-6-2015 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര പാലക്കാട് 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. ഇതിനായി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) വനിതകൾ ഉൾപ്പെടെയുള്ള ഭക്ഷ്യ സംസ്കരണ സംരംഭകർക്കുവേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*

(സി) വനിതകൾക്കു വേണ്ടി പ്രത്യേക ലോൺ നിക്കിവച്ചിട്ടില്ല.

വ്യവസായം-വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം

177 (4759) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ-വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ആകെ എത്ര തസ്തികകളാണ് ഉള്ളത് ; ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) ഏതൊക്കെ രീതിയിലാണ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് വ്യക്തമാക്കാമോ ;

(സി) വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ഡി) ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് വിവിധ വകുപ്പുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള (GO(Ms)No.288/71/PD, dated 1-9-1971) വ്യവസായ വാണിജ്യ വകുപ്പിന് ബാധകമാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ ഈ ഉത്തരവ് പ്രകാരം നാളിതുവരെ എത്ര ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.